## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 884** **25.01.2018-ന് മറുപടിയ്ക്ക്**

### വനസംരക്ഷണം

**ചോദ്യം**

**ശ്രീ. അടൂർ പ്രകാശ്**

**മറുപടി**

**ശ്രീ. കെ. രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വനവിസ്തൃതി എത്രയാണ്; ഇത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണോ; | (എ) | സംസ്ഥാനത്തെ വനവിസ്തൃതി 11309.50 ച.കി.മീ. (29.10%) ആണ്. ഇത് ദേശീയ ശരാശരിയായ (23.26%)നേക്കാൾ കൂടുതലാണ്. |
| (ബി) | വനസംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | വന സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>• വനങ്ങളുടെ അതിർത്തി സർവ്വെ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കൈയ്യേറ്റത്തിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നു.<br>• വനപരിപാലനവും വന സംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ, വന സംരക്ഷണത്തിനായി വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.<br>• കാട്ടുതീ പ്രതിരോധപ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.<br>• പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും, ചോലവനങ്ങളുടെയും, തണ്ണീർത്തടങ്ങളുടെയും, കണ്ടൽക്കാടുകളുടെയും, മറ്റ് സ്വാഭാവിക വനങ്ങളുടെയും, ശോഷിച്ച വനങ്ങളുടെയും വനവല്ക്കരണവും സംരക്ഷണവും നടപ്പാക്കുന്നു.<br>• വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ്വ് |

| | | | |
|---|---|---|---|
| | | | എന്നീ മേഖലകളിലെ വന സംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം, എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് " എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>• വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള 400 വന സംരക്ഷണ സമിതികളിലെയും 190 ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളിലേയും ഉദ്ദേശം 75,000 വനാശ്രിത കുടുംബങ്ങൾ വനസംരക്ഷണ പരിപാടികളിൽ പങ്കാളികൾ ആകുകയും അതുവഴി അവരുടെ ജീവനോപാധി വർദ്ധിക്കുകയും ചെയ്തുവരുന്നു.<br>• ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാൻസ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.<br>• വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷതൈകൾ ഉല്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ വഴിയോരതണൽ പദ്ധതിയും, വനദീപ്തി പദ്ധതിയും,കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും, സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോൽസാഹന ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു. |
| (സി) | സംസ്ഥാനത്ത് സ്ഥാപിക്കുവാൻ തീരുമാനിച്ച വനമ്യൂസിയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | (സി) | 05.05.2017 തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ 22/2017/വനം വന്യജീവി വകുപ്പ് പ്രകാരം മൂന്ന് വർഷം കൊണ്ട് വനമ്യൂസിയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 09.85 കോടി രൂപ 4406-01-800-91 (ഇക്കോ ടൂറിസം) പ്ലാൻ എന്ന ബഡ്ജറ്റ് ഹെഡിൽ വകയിരുത്തി ഉത്തരവായിട്ടുണ്ട്. മേൽ പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അവസാനഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**